"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കൊല്ലം മൈനാഗപ്പള്ളി എം . എസ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിലെ യു പി എസ് ടി ശ്രീമതി അഖില എ ബഹു ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No. 16482/2021 കേസിലെ 12.8.2021 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.290/2022/പൊ.വി.വ തീയതി,തിരുവനന്തപുരം, 12/01/2022

---

പരാമർശം:-

1. .ശ്രീമതി അഖില എ സമർപ്പിച്ച 5.4.2021 ലെ ഹർജി (Ext P8)

2. ശ്രീമതി അഖില എ ഫയൽ ചെയ്ത WP(C) No. 16482/2021 കേസിലെ 12.8.2021 ലെ വിധിന്യായം

3. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 28.10.2021 ലെ B2/3278/2021 നമ്പർ കത്ത്.

4. കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 27.11.2021 ലെ DDEKLM/13111/2021/B3 നമ്പർ കത്ത്.

5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 4.12.2021 ലെ ET1/9060/2021/DGE നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം മൈനാഗപ്പള്ളി എം . എസ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിലെ യു പി എസ് ടി ശ്രീമതി അഖില എ ഫയൽ ചെയ്ത WP(C) No. 16482/2021 കേസിലെ 12.8.2021 ലെ വിധിന്യായ പ്രകാരം ഹർജിക്കാരി സമർപ്പിച്ച Ext P8 ഹർജിയിൽ ഹർജിക്കാരിയെയും മാനേജരായി പ്രവർത്തിക്കുന്ന ജില്ലാ വിദ്യാഭ്യസ ഓഫീസറെയും ഉചിതമാർഗ്ഗേണ കേട്ട് തീരുമാനമെടുക്കാൻ സർക്കാരിന് നിർദേശം ലഭിക്കുകയുണ്ടായി . ഇതിന്റെ അടിസ്ഥാനത്തിൽ ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം 06.12.2021-ന് ഗൂഗിൾ മീറ്റ് വഴി കേട്ടു.

2) ഹർജിക്കാരിയുടെ വാദം ചുവടെ ചേർക്കുന്നു.

എ) ഹർജിക്കാരിയായ ശ്രീമതി . അഖില എ യെ എം . എസ് ബോയ്സ് ഹൈസ്കൂളിലെ അംഗീകൃത മാനേജർ 10/06/2019 പ്രാബല്യത്തിൽ യു . പി . എസ് . ടി തസ്തികയിൽ നിയമിച്ചു . ഇതേ മാനേജ്മെന്റിന് കീഴിൽ മൈനാഗപ്പള്ളി എം . എസ് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ കൂടാതെ ഹർജിക്കാരിയെ നിയമിച്ച മൈനാഗപ്പള്ളി എം . എസ് . ഗേൾസ് ഹൈസ്കൂളും പ്രവർത്തിക്കുന്നുണ്ട് . ഹർജിക്കാരിയെ നിയമിച്ച എം . എസ് . ബോയ്സ് ഹയർസെക്കന്ററി സ്കൂളിൽ സേവനം അനുഷ്ഠിച്ചിരുന്ന യു . പി . എസ് . ടി ആയ ശ്രീമതി . ഫൈസീനയെ ഗേൾസ് ഹൈസ്കൂളിലേക്ക് സ്ഥലംമാറ്റിയതിനെ തുടർന്നുണ്ടായ ഒഴിവിലാണ് മാനേജർ ഹർജിക്കാരിയെ നിയമിച്ചത് .

ബി) നിയമനാംഗീകാരത്തിനുള്ള ശുപാർശ യഥാസമയം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചുവെങ്കിലും താഴെപറയുന്ന കാരണങ്ങളാൽ നിയമനം നിരസിച്ച് ഉത്തരവായി .

1.ശ്രീമതി . ഫൈസീനയെ എം . എസ് ഗേൾസ് ഹൈസ്കൂളിലേക്ക് സ്ഥലംമാറ്റിയ ഒഴിവിലാണ് ഹർജിക്കാരിയെ നിയമിച്ചിട്ടുള്ളത് . ശ്രീമതി . ഫൈസീനയുടെ ട്രാൻസ്ഫർ നിയമനം അംഗീകരിച്ചിട്ടില്ല . ആയതിനാൽ വ്യവസ്ഥാപിത ഒഴിവ് നിലവിലില്ല .

2. ഹർജിക്കാരി കെ - ടെറ്റ് യോഗ്യത നേടിയിട്ടില്ല

സി) ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരെ മാനേജർ , കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചുവെങ്കിലും പൊതുവിദ്യാഭ്യാസ ഉപഡയറക്ടറുടെ 05/02/2020- ലെ എച്ച് 2/31576/2019/ ഡി . ജി . ഇ നമ്പർ കത്ത് പ്രകാരം നിയമനാംഗീകാരത്തിനുള്ള അപ്പീലുകൾ സ്വീകരിക്കുവാൻ പാടില്ല എന്ന് നിർദ്ദേശമുണ്ട് എന്ന സാങ്കേതിക കാരണത്താൽ അപ്പീൽ ഹർജി പരിഗണിച്ചില്ല . ഇതിനിടയിൽ ഹർജിക്കാരിയെ നിയമിച്ച സ്കൂൾ മാനേജർ മരണപ്പെടുകയുണ്ടായി . ആയതിനാൽ മാനേജ്മെന്റ് തർക്കം നിലവിൽ വന്നതിനെ തുടർന്ന് മാനേജരുടെ ചുമതല ജില്ലാവിദ്യാഭ്യാസ ഓഫീസർ എക്സ് ഒഫീഷ്യോ മാനേജർ എന്ന നിലയിൽ നിർവഹിച്ച് വരികയാണ് .

ഡി) ഇപ്രകാരമായിരിക്കെ സർക്കാർ പുറപ്പെടുവിച്ച 06/02/2021- ലെ ജി . ഒ ( പി ) 4/2021/ പൊ . വി . വ നമ്പർ ഉത്തരവ് പ്രകാരം അധിക തസ്തികകളിൽ നിയമനാംഗീകാരമില്ലാതെ തുടരുന്നവർക്ക് ഇനിയുണ്ടാകുന്ന ഒഴിവുകളിൽ മാനേജർ സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചുകൊള്ളാമെന്ന് സമ്മതപത്രം നൽകുന്ന പക്ഷം നിയമനം അംഗീകരിച്ച് സമ്മതപത്രം നൽകുന്ന തീയതിമുതൽ ശമ്പളം നൽകുന്നതിനും നിയമന തീയതി മുതൽ അതുവരെ നോഷണലായി നിയമനം അംഗീകരിക്കുന്നതിനും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ് .

ഇ) സ്കൂളിൽ അംഗീകൃതമാനേജരില്ലാത്ത സാഹചര്യത്തിൽ മേൽപ്പറഞ്ഞ പ്രകാരമുള്ള സമ്മതപത്രം നൽകുന്നതിന് മാനേജരുടെ ചുമതല വഹിക്കുന്ന ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിലവിൽ സ്കൂളിൽ ഒഴിവുള്ള ഡ്രോയിംഗ് അദ്ധ്യാപക തസ്തികയിൽ സംരക്ഷിത അദ്ധ്യാപകനെ നിയമിച്ച് ഹർജിക്കാരിയുടെ നിയമനം അംഗീകരിക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ നൽകി . പ്രസ്തുത അപേക്ഷയിന്മേൽ സമയബന്ധിതമായ തീരുമാനമെടുക്കുന്നതിന് ഹർജിക്കാരി ബഹു. കേരളാ ഹൈക്കോടതിയിൽ WP(C) 7334/2021 നമ്പർ റിട്ട് ഹർജി ഫയൽ ചെയ്യുകയും 22/03/2021- ലെ വിധിന്യായത്തിൽ ഇത് സംബന്ധിച്ച തീരുമാനമെടുക്കുന്നതിന് ജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി കോടതി വിധിയാവുകയും ചെയ്തിട്ടുള്ളതാണ് .

എഫ്) എന്നാൽ സ്കൂളിൽ നിലവിലുള്ള ഒഴിവുകളിലോ ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളിലോ സംരക്ഷിതാദ്ധ്യാപകനെ നിയമിക്കാമെന്ന സത്യപ്രസ്താവന ചെയ്യുന്നതിന് താല്ക്കാലിക മാനേജർ എന്ന നിലയിൽ ചുമതലവഹിക്കുന്ന കൊല്ലം വിദ്യാഭ്യാസ ഓഫീസർക്ക് സാധ്യമല്ല എന്ന തീരുമാനമാണ് ജില്ലാവിദ്യാഭ്യാസ ഓഫീസറിൽ നിന്നും ഉണ്ടായത് . കൊല്ലം ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരെ ഹർജിക്കാരി കേരളവിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14 എയിലെ ചട്ടം 92 പ്രകാരം റിവിഷൻ ഹർജി സർക്കാർ മുമ്പാകെ സമർപ്പിച്ചുവെങ്കിലും നിയമനാംഗീകാരത്തിനുള്ള അപ്പീൽ ഹർജി നേരിട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കുന്നതിനാണ് സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിരിക്കുന്നത് .

ജി) കേരളവിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14 എ യിലെ ചട്ടം 92 പ്രകാരം സർക്കാരിന്റെ ശ്രദ്ധയിൽപെടുന്ന ഏത് വിഷയത്തിലും തീരുമാനമെടുക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ് . ഈ സാഹചര്യത്തിൽ ഹർജിക്കാരി സർക്കാർ തീരുമാനത്തിനെതിരെ ബഹു . കേരളാ ഹൈക്കോടതിയിൽ WP(C) 16482/2021 നമ്പർ റിട്ട് ഹർജി ഫയൽചെയ്തതിന്റെ അടിസ്ഥാനത്തിൽ സർക്കാർ എടുത്ത തീരുമാനം പൂർണ്ണമായും നീതികരിക്കാനാവില്ല എന്നും ആയതിനാൽ ഹർജിക്കാരി ഫയൽ ചെയ്ത റിവിഷൻ ഹർജി പുന : പരിശോധിക്കുന്നതിനുമാണ് കോടതി വ്യക്തമായ നിർദ്ദേശം നൽകി വിധിയായിട്ടുള്ളത് .

എച്ച്) ഹർജിക്കാരിയുടെ നിയമനാംഗീകാര വിഷയത്തിൽ താഴെപറയുന്ന വസ്തുതകൾ പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങൾക്കും ഉത്തരവുകൾക്കും അനുസൃതമായ തീരുമാനത്തിനായി സമർപ്പിക്കുന്നു .

1.ഈ സ്കൂളിലെ യു . പി . എസ് . എ ആയിരുന്ന കെ . ഐ . മറിയാമ്മ 31/03/2020- ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ യു . പി . എസ് . എ തസ്തികയിൽ ഒരു വ്യവസ്ഥാപിത ഒഴിവ് നിലവിൽ

വന്നിട്ടുള്ളതാണ് . ഈ ഒഴിവിൽ അംഗീകൃത മാനേജർ ഇല്ലാത്തതിനാലും മാനേജരുടെ ചുമതല കൊല്ലം ജില്ലാവിദ്യാഭ്യാസ ഓഫീസർ വഹിച്ചുവരുന്നതിനാലും നിയമനങ്ങളൊന്നും നടന്നിട്ടില്ല . ആയതിനാൽ വ്യവസ്ഥാപിത വിരമിക്കൽ ഒഴിവ് യു . പി . എസ് . എ തസ്തികയിൽ നിലനിൽക്കുന്നുണ്ട് . കൂടാതെ ഒരു ഡ്രോയിംഗ് ടീച്ചർ തസ്തികയിലും ഒഴിവ് നിലനിൽക്കുന്നുണ്ട് .

2 . നിയമന തീയതിയിൽ ഹർജിക്കാരി കെ - ടെറ്റ് പാസ്സായിട്ടില്ല എങ്കിലും 2019-20 വർഷങ്ങളിൽ നിയമിതരായ അദ്ധ്യാപകർക്ക് കെ - ടെറ്റ് പാസ്സാകുന്നതിന് സമയപരിധി ദീർഘിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ് . 2019-20 വർഷം വരെ നിയമിതരായ അദ്ധ്യാപകർ കെ - ടെറ്റ് യോഗ്യത നേടാത്തതുമൂലം നിയമനാംഗീകാരം നൽകാത്ത കേസ്സുകൾ മറ്റ് വിധത്തിൽ യോഗ്യമെങ്കിൽ അംഗീകരിച്ച് ഉത്തരവാകുന്നതിന് സർക്കാർ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ് .

3. 06/02/2021- ലെ സ . ഉ ( പി ) 4/2021/ പൊ . വി . വ നമ്പർ പ്രകാരം ഇനി ഉണ്ടാകുന്ന ഒഴിവിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചുകൊള്ളാമെന്ന വ്യവസ്ഥ അംഗീകരിച്ചുകൊണ്ട് മാനേജർമാർ സത്യവാങ്മൂലം സമർപ്പിക്കുന്ന പക്ഷം അതുവരെ നിയമനാംഗീകാരമില്ലാതെ തുടരുന്ന അധിക തസ്തികയിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് സത്യവാങ്മൂലം സമർപ്പിക്കുന്ന തീയതിമുതൽ അംഗീകാരം നൽകുന്നതിനും നിയമനതീയതിമുതൽ നോഷണലായി അംഗീകരിക്കുന്നതിനും സർക്കാർ ഉത്തരവായിട്ടുള്ളതാണ് . എന്നാൽ ഈ സ്കൂളിൽ അംഗീകൃത മാനേജർ ഇല്ലാത്ത സാഹചര്യത്തിലാണ് ഇപ്രകാരം സത്യവാങ്മൂലം നൽകാൻ കഴിയാതെ വന്നിട്ടുള്ളത് . മാനേജരുടെ ചുമതല വഹിക്കുന്ന കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സർക്കാർ നിർദ്ദേശം നൽകുന്ന പക്ഷം സത്യവാങ്മൂലം സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ നിയമനം അംഗീകരിക്കാവുന്നതാണ് . നിലവിലുള്ള അദ്ധ്യാപകരെ ഇപ്രകാരം സത്യവാങ്മൂലം സമർപ്പിക്കുന്ന പക്ഷം ദോഷകരമായി ബാധിക്കുന്നില്ല എന്നതിനാലും രണ്ട് ഒഴിവുകൾ നിയമനം നടത്താതെ നിലവിലുള്ളതിനാലും ( 1. കെ . ഐ . മറിയാമ്മ , യു . പി . എസ് . എ , 31/03/2020 – ൽ സർവ്വീസിൽ നിന്നും വിരമിച്ചതുമൂലമുണ്ടായ ഒഴിവും , ഡ്രോയിംഗ് ടീച്ചർ തസ്തികയിലെ ഒഴിവും ) ഈ ഒഴിവുകളിൽ സംരക്ഷിത അദ്ധ്യാപകനെ നിയമിക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ 06/02/2021- ലെ സ . ഉ ( പി ) 4/2021/ പൊ . വി . വ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ നിയമനം അംഗീകരിച്ച് ഉത്തരവാകാവുന്നതും തദനുസൃതമായ നിർദ്ദേശം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകി ഹർജിക്കാരിയുടെ നിയമനം അംഗീകരിച്ച് ഉത്തരവാകണമെന്നും അപ്രകാരം കോടതിവിധി നടപ്പാക്കി ഉത്തരവാകണമെന്നും അപേക്ഷിക്കുന്നു .

3) പൊതുവിദ്യാഭ്യാസ ഡയറക്ടർ , ഡെപ്യൂട്ടി ഡയറക്ടർ , ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു .

എ) മൈനാഗപ്പള്ളി എം . എസ് . എച്ച് . എസിൽ 2017-2018 വർഷം അനുവദിച്ച യു . പി . എസ് . റ്റി . യുടെ അധിക തസ്തികയിൽ നിയമിക്കപ്പെട്ടിരുന്ന ശ്രീമതി . ഫൈസീന . എ എന്ന അധ്യാപികയെ 06/06/2019 വിരമിക്കൽ ഒഴിവിലേക്ക് മാറ്റി നിയമനം നൽകിയത് മൂലമുണ്ടായ അധിക തസ്തികയിലെ പരിണിത ഒഴിവിലാണ് ശ്രീമതി . അഖില . എ യ്ക്ക് 10/06/2019 മുതൽ നിയമനം നൽകിയിരിക്കുന്നത് . എന്നാൽ ശ്രീമതി . ഫൈസീന . എ - യുടെ നിയമനം അംഗീകരിച്ചിട്ടില്ല . ശ്രീമതി . അഖില . എ , യു . പി . എസ് . റ്റി തസ്തികയിലെ നിയമനത്തിന് വേണ്ടതായ കെ - ടെറ്റ് യോഗ്യത നേടിയിട്ടില്ല എന്നീ കാരണത്താൽ ടി നിയമനം കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചു നൽകിയിരുന്നു . ഇതിനെതിരായി സമർപ്പിച്ചിരുന്ന അപ്പീൽ ഹർജി 15/02/2020 ന് ശേഷം ലഭിക്കുന്ന അപ്പീൽ ഹർജികൾ പരിഗണിക്കേണ്ടതില്ല എന്ന പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 05/02/2020 ലെ എച്ച് ( 2)/31576/2019/ ഡി . ജി . ഇ നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ നിരസിച്ചു നൽകിയിരുന്നു . നിലവിൽ ശ്രീമതി . ഫൈസീന യുടെ നിയമനം വിരമിക്കൽ ഒഴിവിൽ കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിച്ചു നൽകിയിട്ടുണ്ട് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

ബി) 2019-20 അധ്യയന വർഷം നിയമിക്കപ്പെട്ട അധ്യാപകർക്ക് കെ . ടെറ്റ് യോഗ്യത നേടുന്നതിനു ഇളവു അനുവദിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 12/2/21 ലെ ജി . ഓ ( കൈ ) നം . 58/2021/ പൊ . വി . വ സർക്കാർ ഉത്തരവിന്റെ ആനുകൂല്യത്തിന് പരാതിക്കാരിക്കും അർഹതയുണ്ട്. എന്നാൽ 06/02/2021 ലെ സ . ഉ ( അച്ചടി ) നം . 4/2021/ പൊ . വി . വ സർക്കാർ ഉത്തരവ് പ്രകാരം ശ്രീമതി . അഖിലയുടെ അധിക തസ്തികയിലെ നിയമനം അംഗീകാരത്തിനായി പരിഗണിക്കുന്നതിന് ടി മാനേജുമെന്റിലെ സ്കൂളുകളിൽ ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളോ നിലവിലുള്ള ഒഴിവുകളോ സംരക്ഷിത അദ്ധ്യാപക നിയമനത്തിനായി നീക്കി വയ്ക്കാം എന്ന സത്യപ്രസ്താവന മാനേജർ സമർപ്പിച്ചില്ല . ടി സ്കൂൾ മാനേജർ ആയിരുന്ന ശ്രീ . സി . എം . ഇബ്രാഹിംകുട്ടി 03/03/2020 ൽ മരണപ്പെട്ടതിനെ തുടർന്ന് ടി മാനേജുമെന്റിൽ അവകാശ തർക്കം ഉടലെടുക്കുകയും ടി . വിദ്യാഭ്യാസ ഏജൻസിയുടെ താൽക്കാലിക മാനേജരായി കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറെ നിയമിച്ചുകൊണ്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട് . താൽക്കാലിക മാനേജർ ആയ കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർ 06/02/2021 ലെ സ . ഉ . 04/2021/ പൊ . വി . വ സർക്കാർ ഉത്തരവ് പ്രകാരമുള്ള സത്യപ്രസ്താവന സമർപ്പിച്ച് ശ്രീമതി . അഖില . എ . യുടെ 10/06/19 മുതലുള്ള യു . പി . എസ് . ടി തസ്തികയിലെ നിയമനം അംഗീകരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ടിയാരി കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് അപേക്ഷ നൽകിയിരുന്നു . ടി അപേക്ഷ തീർപ്പുകൽപ്പിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട്

ടിയാരി ബഹു . കേരള ഹൈക്കോടതിയിൽ സിവിൽ റിട്ട് ഹർജി 7334/2021 ഫയൽ ചെയ്തിരുന്നു . ടി കേസിന്റെ 22/3/2021 ലെ വിധിന്യായ പ്രകാരം ശ്രീമതി . അഖില . എ കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർ മുൻപാകെ സമർപ്പിച്ചിരുന്ന അപേക്ഷ തീർപ്പ് കൽപ്പിക്കാൻ നിർദേശം നൽകിക്കൊണ്ടായിരുന്നു വിധിന്യായം പുറപ്പെടുവിച്ചിരുന്നത് .

സി) സർക്കാർ ഭാഗമായ കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് ടി മാനേജുമെന്റിലെ സ്കൂളുകളിൽ ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളോ , നിലവിൽ നിലനിൽക്കുന്ന ഒഴിവുകളോ സംരക്ഷിത അധ്യാപക നിയമനത്തിന് നീക്കി വയ്ക്കാം എന്ന സത്യപ്രസ്താവന നൽകി ടിയാരിയുടെ നിയമനം അംഗീകരിച്ചു നൽകാൻ കഴിയാത്ത സാഹചര്യത്തിൽ ടിയാരിയുടെ ആവശ്യം കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചു നൽകിയിട്ടുള്ളതാണ് .

ഡി) ഹർജിക്കാരിയുടെ 10/06/2019 മുതലുള്ള നിയമനം നടത്തിയിട്ടുള്ളത് മുൻ മാനേജർ ആയിരുന്ന ശ്രീമാൻ . സി . എം . ഇബ്രാഹിംകുട്ടി ആണ് . ടിയാൻ 03/03/20 ന് മരണപെട്ടതിനെ തുടർന്ന് ഉടലെടുത്ത അവകാശതർക്കങ്ങൾ പരിഹരിക്കപ്പെടാത്തതിനെ തുടർന്ന് കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർ താൽക്കാലിക മാനേജർ ആയി നിയോഗിക്കപ്പെട്ടിരിക്കുകയാണ് . 06/02/2021 ലെ സ . ഉ 4/2021/ പൊ . വി . വ സർക്കാർ ഉത്തരവ് പ്രകാരം 29/01/2016 മുതലുള്ള അധികതസ്തികകളിൽ നിയമിക്കപ്പെട്ടിട്ടുള്ള അധ്യാപകരുടെ നിയമനങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പ്രകാരം അധിക തസ്തികകളിൽ നിയമിതരായവർക്ക് തത്തുല്ല്യ എണ്ണം സംരക്ഷിത അധ്യാപകരെ ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ നിയമിക്കാമെന്ന സത്യപ്രസ്താവന നൽകുന്ന മുറയ്ക്ക് നിയമനങ്ങൾ അംഗീകരിച്ചു നല്കാൻ കഴിയുമായിരുന്നു . ടി സ്കൂൾ മാനേജർ മരണപ്പെട്ടതിനെ തുടർന്ന് അപ്രകാരം സത്യപ്രസ്താവന നൽകുന്നതിന് നിലവിലെ താൽക്കാലിക മാനേജരായ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പരിമിതികളുണ്ട് .

4) മേല്പറഞ്ഞ വസ്തുതകൾ ഹിയറിങ്ങ് സമയത്തെ വാദം, **ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ** അടിസ്ഥാനത്തിൽ ചുവടെപ്പറയുന്ന വിധം പരിശോധിച്ചു:-

ഒന്ന്) 06/02/2021 ലെ സ.ഉ.(പി) 04/2021/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരമുള്ള സത്യപ്രസ്താവന സമർപ്പിച്ച് ശ്രീമതി. അഖില.എ.യുടെ 10/06/19 മുതലുള്ള യു.പി.എസ്.ടി തസ്തികയിലെ നിയമനം അംഗീകരിക്കാമെന്ന് വിദ്യാഭ്യാസ അധികൃതർ ശുപാർശ ചെയ്തിട്ടുണ്ട്. 06/02/2021 ലെ സ.ഉ.(പി) 04/2021/പൊ.വി.വ സർക്കാർ ഉത്തരവ് എന്നത്, സംരക്ഷിതാദ്ധ്യാപകരെ ചട്ടപ്രകാരം

നിയമിക്കേണ്ടതായ ഒഴിവുകളിൽ അപ്രകാരം ചെയ്യാതെ, മാനേജർമാർ നേരിട്ട് നിയമനം നടത്തുകയും, തത്ഫലമായി, ചട്ടവിരുദ്ധമായ അത്തരം നിയമനങ്ങൾ അംഗീകരിക്കപ്പെടാതെയും അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കാതെയും തുടരുന്ന സ്ഥിതി സംസ്ഥാനത്തുണ്ടെന്നു ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന്, ചില വ്യവസ്ഥകൾക്കു വിധേയമായി അവ അംഗീകരിക്കുന്നതിനു അനുവാദം നല്കിക്കൊണ്ടുള്ളതാണ്. 2016-17 മുതൽ 2019-20 വരെ ഇപ്രകാരം നിയമിതരായവർക്ക് ഈ ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുന്നതാണ്. 10/06/2019-ൽ നിയമിതയായതിനാൽ ഹർജിക്കാരിയ്ക്കും പ്രസ്തുത ഉത്തരവിന്റെ ആനുകൂല്യം ലഭിക്കേണ്ടതാണ്. പക്ഷെ, സംരക്ഷിതാദ്ധ്യാപകനെ നിയമിക്കേണ്ടിയിരുന്ന ഒഴിവിൽ ഹർജിക്കാരിയെ നിയമിച്ചതിനു പകരമായി ഭാവിയിലുണ്ടാകുന്ന ഒരു ഒഴിവ് സംരക്ഷിതാദ്ധ്യാപകനെ നിയമിക്കാനായി വിട്ടുനല്കുന്നതാണെന്ന് സമ്മതിച്ചുകൊണ്ടുള്ള സത്യപ്രസ്താവന മാനേജർ ഒരു സത്യപ്രസ്താവന ഫയൽ ചെയ്യേണ്ടതുണ്ട്. ഇക്കാര്യത്തിലാണ് ആശയക്കുഴപ്പം നിലനിൽക്കുന്നത്. കാരണം, സ്കൂളിന്റെ മാനേജർ മരണപ്പെട്ടു. അനന്തരാവകാശികൾ തമ്മിൽ മാനേജ്മെന്റ് തർക്കം നിലനില്ക്കുന്ന സാഹചര്യത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസറെ താല്ക്കാലിക മാനേജരായി നിയമിക്കുകയുണ്ടായി. മേല്പറഞ്ഞ സത്യപ്രസ്താവന താല്ക്കാലിക മാനേജരായ കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർക്കു ഫയൽ ചെയ്യാവുന്നതാണെങ്കിൽ ഹർജിക്കാരിയുടെ നിയമനാംഗീകാരം നല്കാനാകുന്നതാണ്. പക്ഷെ, ഡി-ഫാക്ടോ (താല്ക്കാലിക) മാനേജരായി പ്രവർത്തിച്ചുവരുന്ന കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർക്കു പ്രസ്തുത സത്യപ്രസ്താവന ഫയൽ ചെയ്യാവുന്നതാണോ എന്നതിലാണ് തീരുമാനമുണ്ടാകേണ്ടത്.

രണ്ട്) മേൽ വിഷയം പരിശോധിക്കുമ്പോൾ, വിദ്യാഭ്യാസ ആഫീസറെ മാനേജറായി താൽകാലികനിയമനം നൽകുന്നതിന് കേരളവിദ്യാഭ്യാസ ആക്റ്റിലോ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലോ വ്യവസ്ഥ ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധിക്കാവുന്നതാണ്. എന്നാൽ, സാമൂഹികപ്രതിബദ്ധതയോടെ പ്രവർത്തിയ്ക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാനേജർമാരുടെ അഭാവത്തിലോ മാനേജ്മെന്റ് തർക്കങ്ങളിൽപ്പെട്ട് സ്കൂളിന്റെ ഭരണകാര്യങ്ങൾ അനിശ്ചിതത്വത്തിലേയ്ക്കു വഴിമാറുന്നു എന്നു ബോദ്ധ്യമാകുമ്പോഴോ മാനേജറുടെ ചുമതലകൾ താൽക്കാലികമായി നിർവ്വഹിക്കുന്നതിനായി വിദ്യാഭ്യാസ ഓഫീസർമാരെ അധികാരപ്പെടുത്താറുണ്ട്. ഇവിടെയും അത്തരം സാഹചര്യം ഉണ്ടായതിനാലാണ് ജില്ലാവിദ്യാഭ്യാസ ഓഫീസറെ താൽക്കാലിക മാനേജറായി നിയമിച്ചിട്ടുള്ളത്. ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണെങ്കിലും, പ്രസ്തുത നിയമനം നിയമമേഖലകളിൽ സുപരിചിതമായ *"de facto doctrine"* ന്റെ അടിസ്ഥാനതത്വങ്ങൾ ഉൾക്കൊണ്ടു കൊണ്ട് നല്കപ്പെടുന്നതാണ്. *"de facto doctrine"* ന്റെ സാദ്ധ്യതകളും പരിമിതികളും വിശകലനം ചെയ്ത് ബഹു: സുപ്രീം കോടതിയും മറ്റു കോടതികളും വിധിന്യായങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. [ഉദാ:-*(1991) 1 SCC 319, (2016) 14 SCC 18, (1998) BLJR 1406, 1981 AIR 1473* എന്നിങ്ങനെ]. പ്രസ്തുത വിധിന്യായങ്ങളിൽ

നിർദ്ദേശിക്കപ്പെട്ട പൊതുവായ മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനപ്രമാണങ്ങളുടെയും വെളിച്ചത്തിൽ ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ താൽക്കാലിക (ഡി-ഫാക്ടോ) മാനേജറായുള്ള നിയമനത്തെ പരിശോധിക്കുമ്പോൾ ചുവടെ ചേർത്ത പ്രകാരമുള്ള അടിയന്തര സാഹചര്യങ്ങളിൽ ജില്ലാവിദ്യാഭ്യാസ ഓഫീസർ മാനേജറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് നിയമപരിരക്ഷ ലഭിക്കുന്നതാണെന്നു ബോദ്ധ്യമാകുന്നു:-

*i) .......... it must be kept in mind that the de facto doctrine could be applied in the matters of where there has been an appointment which is invalid/defective but still the decisions taken by de facto officer who has been given the color of the office by the virtue of such appointment, are held to be valid and binding as if they have been pronounced by a de jure officer. It is also to be noted that this doctrine could not be applied to a usurper or an intruder, who is a total stranger to the office.*

ഇവിടെ, താൽക്കാലിക ചുമതല നൽകപ്പെട്ടിരിക്കുന്നത് ജില്ലാവിദ്യാഭ്യാസ ഓഫീസർക്കാണ്. പ്രസ്തുത പദവി ***" a usurper or an intruder, who is a total stranger to the office"*** എന്നിങ്ങനെയുള്ള അയോഗ്യതകളിലൊന്നും പെടുന്നില്ല. അതിനാൽ, ആയത് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത നിയമനമാണെങ്കിൽ കൂടി, പ്രസ്തുത ഡി-ഫാക്ടോ ഓഫീസറുടെ *(ഇവിടെ, ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ)* തീരുമാനങ്ങളും നടപടിക്രമങ്ങളും ചട്ടപ്രകാരമുള്ള ഒരു അധികാരസ്ഥാനം *(ഇവിടെ, അംഗീകൃതമാനേജർ)* കൈക്കൊള്ളുന്ന തീരുമാനങ്ങൾക്കും നടപടിക്രമങ്ങൾക്കും സമമായി പരിഗണിക്കപ്പെടേണ്ടതാണ്.

*ii) This doctrine was devised for the purpose of protection of rights of the people or individuals who having no fault on their part would have suffered if this doctrine were not present.*

അതായത്, തങ്ങളുടേതല്ലാത്ത കുറ്റം കൊണ്ട് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കാതെ പോകുന്നവർക്ക് പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുതകുന്ന വിധമാണ് *"de facto doctrine"* ആവിഷ്ക്കരിച്ചിട്ടുള്ളത്. ഇവിടെ, വിദ്യാലയത്തിലെ കുട്ടികൾക്കോ, അദ്ധ്യാപക-അനദ്ധ്യാപകർക്കോ രക്ഷകർത്താക്കൾക്കോ, അവർ വിദ്യാലയത്തിൽ നിന്നോ മാനേജറിൽ നിന്നോ പ്രതീക്ഷിക്കുന്ന, നിയമാനുസൃതമായ ആനുകൂല്യങ്ങൾ, ഒരു അംഗീകൃത മാനേജർ നിലവിലില്ലാത്ത സാഹചര്യത്തിൽ ഡി-ഫാക്ടോ മാനേജറായ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു കാലവിളംബം കൂടാതെ നല്കുവാനാകുന്നു. അതുകൊണ്ട്, *"de facto doctrine"* ആവിഷ്ക്കരിച്ചതിനു പുറകിലുള്ള സദുദ്ദേശ്യം ജില്ലാ വിദ്യാഭ്യാസ ഓഫീസർ മാനേജറായി താൽക്കാലിക ചുമതല നിർവ്വഹിക്കുന്നതിലൂടെ നടപ്പാക്കപ്പെടുന്നു.

*iii) It is no doubt well settled that the acts of the officers de facto performed by them within the scope of their assumed authority in the interest of the public or the third persons and not for their own benefits are generally held valid and binding as if they were the acts of the officers de jure. A reading of the said does not give an omnibus authority to hold that every illegal act or acts performed which smacks of very many illegalities and incongruities should be merely ignored and validated. It has to be kept in mind that even while applying the De Facto Doctrine whether such acts performed were aimed at the prevention of public and private mischief and for the protection of public and private interest .*

അതായത്, പൊതുജനഹിതാർത്ഥവും, സ്വാർത്ഥ താല്പര്യങ്ങൾക്കു വേണ്ടിയല്ലാതെയും ഡി-ഫാക്ടോ മാനേജറായ വിദ്യാഭ്യാസ ഓഫീസർ മാനേജറുടെ ചുമതലകൾ നിർവ്വഹിക്കുന്ന നടപടി "de facto doctrine" ന്റെ ഉദ്ദേശ്യശുദ്ധിയ്ക്കുള്ളിൽ വരുന്നതും നിയമസാധുതയുള്ളതുമാണ്. അതിനാൽ, ഹർജിക്കാരിക്ക് നിലവിലിരിക്കുന്ന സർക്കാർ ഉത്തരവുകളനുസരിച്ച് ലഭിക്കേണ്ടതായ നിയമന അംഗീകാരവും ശമ്പള ആനുകൂല്യവും സമയബന്ധിതമായി ലഭ്യമാകണമെന്ന ഉദ്ദേശ്യത്തോടെ ഡി-ഫാക്ടോ മാനേജറായ വിദ്യാഭ്യാസ ഓഫീസർ സമ്മതപത്രം ഫയൽ ചെയ്യുന്നതിന് നിയമാനുവാദമുണ്ടെന്നു വ്യക്തമാകുന്നു. മാത്രമല്ല, ഡി-ഫാക്ടോ മാനേജറായ വിദ്യാഭ്യാസ ഓഫീസർ സ്വീകരിക്കുന്ന അത്തരം നടപടികൾ ഒരു അംഗീകൃത മാനേജർ കൈക്കൊണ്ട നടപടിയ്ക്കു തുല്യമായി ഭാവിയിൽ കണക്കാക്കപ്പെടേണ്ടതുമാണ്.

5) മേൽ വിവരിച്ച സാഹചര്യങ്ങളിൽ, ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് Ext P8 റിവിഷൻ തീർപ്പാക്കി അപ്രകാരം പരാമർശം ( 2 ) കോടതി വിധി നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു:-

എ) 06/02/2021 ലെ സ.ഉ.(പി) 04/2021/പൊ.വി.വ പ്രകാരം പ്രസ്തുത സ്കൂളിന്റെ മാനേജർ ഫയൽ ചെയ്യേണ്ടതായ സത്യപ്രസ്താവന ഡി-ഫാക്ടോ മാനേജറായ കൊല്ലം ജില്ലാവിദ്യാഭ്യാസ ഓഫീസർ ഫയൽ ചെയ്യേണ്ടതാണ്.

ബി) പ്രസ്തുത സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിലും, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിലും ഹർജിക്കാരിയായ ശ്രീമതി. അഖില.എ.യുടെ 10/06/2019 മുതലുള്ള യു.പി.എസ്.ടി തസ്തികയിലെ നിയമനം അംഗീകരിക്കുന്ന വിഷയത്തിൽ തീരുമാനമെടുത്ത് കൊല്ലം ജില്ലാവിദ്യാഭ്യാസ ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

സി) പുതിയ മാനേജർക്ക് അംഗീകാരം നൽകുമ്പോൾ, ഡി-ഫാക്റ്റോ മാനേജർ എന്ന നിലയിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഫയൽ ചെയ്തതായ സത്യപ്രസ്താവനയുടെ പകർപ്പ് പ്രസ്തുത മാനേജർക്ക് കൈമാറേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ സംരക്ഷിതാദ്ധ്യാപക നിയമനം നടത്തേണ്ടതാണെന്ന നിബന്ധനയോടെ മാനേജറായുള്ള നിയമന അംഗീകാരം നൽകേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്.വി
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.

പൊതു വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം

വിദ്യാഭ്യാസ ഉപ ഡയറക്ടർ , കൊല്ലം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം

ശ്രീമതി അഖില എ , യു പി എസ് ടി, എം . എസ് ബോയ്സ് HSS മൈനാഗപ്പള്ളി , കൊല്ലം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shahna Kumari S L
Date: 25-01-2022 10:32:59
Reason: Approved

സെക്ഷൻ ഓഫീസർ